(8) ബോർഡ് ഓഫ് സ്റ്റഡീസിലെ മെമ്പർഷിപ്പ് റൊട്ടേഷൻ അനുസരിച്ചായിരിക്കണം. അദ്ധ്യാപകരുടെ യോഗ്യത, അവരുടെ സെലക്ഷൻ എന്നിവ യു. ജി. സി. നിർദ്ദേശപ്രകാരം ആയിരിക്കണം.

(9) ഫിനാൻസ് കമ്മിറ്റിയിൽ സിൻഡിക്കേറ്റിന്റെ മൂന്ന് അനദ്ധ്യോഗിക അംഗങ്ങൾ ഉണ്ടായിരിക്കണം.

(10) സർവ്വകലാശാലയിലെ വാർഷിക റിപ്പോർട്ടും കണക്കും ചാൻസലർക്കുകൂടി നൽകാനുള്ള വ്യവസ്ഥ വേണം. സർവ്വകലാശാല നിയമനത്തിനുള്ള യോഗ്യത മുതലായവ യു. ജി. സി. മാർഗ്ഗരേഖപ്രകാരം വേണം.

(11) യൂണിവേഴ്സിറ്റി യൂണിയന്റെ ആവശ്യങ്ങൾ പരിശോധിക്കണം.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിൽ പ്ലാനിംഗ് ബോർഡ് രൂപീകരിക്കണം, ബോർഡ് ഓഫ് സ്റ്റഡീസിലെ മെമ്പർഷിപ്പ്, ഫൈനാൻസ് കമ്മിറ്റിയിൽ സിൻഡിക്കേറ്റ് മെമ്പർമാരുടെ നിയമനം, വാർഷിക റിപ്പോർട്ടും കണക്കും ചാൻസിലർക്ക് സമർപ്പിക്കൽ എന്നീ കാര്യങ്ങളെ സംബന്ധിച്ചു യു. ജി. സി. നിർദ്ദേശങ്ങൾ അംഗീകരിച്ച് അവരെ അറിയിച്ചിട്ടുണ്ട്. മറ്റു നിർദ്ദേശങ്ങളിൻമേൽ ഡോ. മാൽക്കം ആദിശേഷയ്യാ കമ്മീഷൻ നൽകിയിട്ടുള്ള അഭിപ്രായങ്ങൾ കേരള കാലിക്കറ്റ് സർവ്വകലാശാലകളുടെ അഭിപ്രായത്തിനായി അയച്ചുകൊടുത്തിട്ടുണ്ട്. ആ അഭിപ്രായങ്ങൾകൂടി പരിഗണിച്ചതിനുശേഷം തീരുമാനമെടുക്കുന്നതാണ്.

മരച്ചീനിയിൽ നിന്നും ചാരായം ഉൽപ്പാദിപ്പിക്കുന്ന ഡിസ്റ്റിലറികൾ

* 33. [36] ശ്രീ. ആർ. എസ്. ഉണ്ണി :
,, ടി. കെ. അബ്ദു :
,, വർക്കല രാധാകൃഷ്ണൻ :
,, പി. കുമാരൻ :
ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരച്ചീനിയിൽ നിന്നും ചാരായം ഉൽപ്പാദിപ്പിക്കുന്നതിന് സ്വകാര്യ മേഖലയിൽ മൂന്ന് ഡിസ്റ്റിലറികൾ സ്ഥാപിക്കുവാൻ ഈ സർക്കാർ തീരുമാനം എടുത്തിരുന്നുവോ ;

(ബി) അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരുന്നുവോ ; എങ്കിൽ എന്ന് ; ഇല്ലെങ്കിൽ കാരണമെന്ത് ;

(സി) അംഗീകൃത തത്വങ്ങൾക്ക് വിധേയമായിട്ടായിരുന്നുവോ അപേക്ഷകൾ നൽകിയിരുന്നത് ;

(ഡി) കുപ്പയിൽനിന്ന് ചാരായം ഉൽപ്പാദിപ്പിക്കുന്നതിനും ഡിസ്റ്റിലറി തുടങ്ങുന്നതിനും 28-2-1986 വരെ ഗവൺമെന്റിനു ലഭിച്ച അപേക്ഷകൾ എത്ര ;

(ഇ) അപേക്ഷകർ ആരെല്ലാമാണ് ;

(എഫ്) ഇവരിൽ ആർക്കെങ്കിലും പുതിയ ഡിസ്റ്റിലറിക്ക് അനുമതി നൽകിയിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ ആർക്കെല്ലാമാണെന്നു വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) അനുമതി നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്താണ് ;

(ഐ) ഏതെല്ലാം സ്ഥലങ്ങളിലാണ് ഈ ഡിസ്റ്റിലറികൾ സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ജെ) മരച്ചീനി ഉപയോഗിച്ച് ഓരോ ഡിസ്റ്റിലറിയിലും പ്രതിദിനം എത്രലിറ്റർ വീതം സ്പിരിറ്റ് നിർമ്മിക്കുവാനാണ് ലൈസൻസ് നൽകിയിരുന്നത് ;

(കെ) സർക്കാരിന്റെ കണക്കനുസരിച്ച് കേരളത്തിൽ മരച്ചീനിയിൽ നിന്നും പ്രതിവർഷം എത്ര ചാരായം ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും ;

(എൽ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതിയ ഡിസ്റ്റിലറി തുടങ്ങുന്നതിന് ലൈസൻസ് നൽകുന്നതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്ന് വല്ല മാർഗ്ഗ നിർദ്ദേശമോ ഉത്തരവോ ലഭിച്ചിട്ടുണ്ടോ ;

(എം) ഉണ്ടെങ്കിൽ അതിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കാമോ ;

(എൻ) ഡിസ്റ്റിലറി അനുവദിക്കാനുള്ള എല്ലാ നടപടികളും നിറുത്തി വയ്ക്കാൻ റവന്യൂ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഒ) ഉണ്ടെങ്കിൽ അത്തരം നിർദ്ദേശങ്ങൾ നൽകാനുണ്ടായ കാരണം വിശദീകരിക്കാമോ ;

(പി) ഇക്കാര്യത്തെപ്പറ്റി ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ ?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ) :

(എ) മരച്ചീനിയിൽനിന്ന് റെക്റ്റിഫൈഡ് സ്പിരിറ്റ് ഉൽപ്പാദിപ്പിക്കുന്നതിന് മൂന്ന് ഡിസ്റ്റിലറികൾ സ്ഥാപിക്കുന്നതിന് ലൈസൻസ് നൽകുവാൻ എക്സൈസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത തീരുമാനം പിന്നീട് റദ്ദാക്കി.

(ബി) ചട്ടപ്രകാരം അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതില്ല.

(സി) ഏറിയ പങ്ക് അപേക്ഷകളും സാധാരണ നടപടിക്രമങ്ങൾക്കു വിധേയമായിട്ടാണ് കിട്ടിയിട്ടുള്ളത്.

(ഡി) 27.

(ഇ) അപേക്ഷകരെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു †

(എഫ്) ഇവരിൽ മൂന്നുപേർക്ക് ഡിസ്റ്റിലറി സ്ഥാപിക്കാൻ അനുമതി നൽകുന്നതിന് എക്സൈസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത ഉത്തരവ് പിന്നീട് റദ്ദാക്കുകയുണ്ടായി.

(ജി) താഴെ പറയുന്നവർക്കാണ് അനുമതി നൽകിയിരുന്നത് :—

1. ടി ലീഡിംഗ് ലൈറ്റ് ടാപ്പിയോക്കാ പ്രോഡക്റ്റ്സ്, കറുകുറ്റി, അങ്കമാലി.
2. വയനാട് ഡിസ്റ്റിലറീസ്, കോഴിക്കോട്.
3. ഗംഗാ ഡിസ്റ്റിലറീസ്, തിരുവനന്തപുരം.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) സംസ്ഥാനത്തെ സ്പിരിറ്റിന്റെ ദൗർലഭ്യം പരിഗണിച്ച് ചെറുകിട മേഖലയിൽ ഏതാനും ഡിസ്റ്റിലറികൾ സ്ഥാപിക്കുന്നതിനാണ് തീരുമാനിച്ചത്. സ്പിരിറ്റ് ഉൽപ്പാദനത്തിലും വിതരണത്തിലും സർക്കാർ നിയന്ത്രണം ഉണ്ടായിരിക്കും എന്ന ഉപാധിയോടെയാണ് ഈ തീരുമാനം എടുത്തത്. ഇത് ഒരു പുതിയ മേഖലയായതിനാൽ ഡിസ്റ്റിലറികളുടെ എണ്ണം കഴിയുന്നിടത്തോളം ചുരുക്കാനും തീരുമാനിക്കപ്പെട്ടു. പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അനുമതി നൽകിയത്.

(ഐ) തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്നു മേഖലകളിലായി സ്ഥാപിക്കാനാണ് സർക്കാർ അനുമതി നൽകിയിരുന്നത്.

(ജെ) ആർക്കും ലൈസൻസ് നൽകിയിട്ടില്ല.

(കെ) വിശദമായ കണക്ക് എടുത്തിട്ടില്ല. എങ്കിലും സ്റ്റേറ്റിന്റെ ആവശ്യത്തിന് മതിയായ സ്പിരിറ്റ് ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്നാണ് ഉദ്ദേശിക്കപ്പെടുന്നത്. ഉല്പാദനം ഡിസ്റ്റിലറികളുടെ എണ്ണത്തെ ആശ്രയിച്ചിരിക്കും.

(എൽ) ഇല്ല.

(എം) ചോദ്യം ഉദിക്കുന്നില്ല.

(എൻ) ഉണ്ട്.

(ഒ) ഡിസ്റ്റിലറികൾ അനുവദിക്കാൻ തീരുമാനമെടുത്തശേഷം, കേന്ദ്ര സർക്കാർ കേരളത്തിനാവശ്യമുള്ള സ്പിരിറ്റ് നൽകാമെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം റദ്ദാക്കിയത്.

(പി) ഇക്കാര്യത്തിൽ ഒരു ജുഡീഷ്യൽ അന്വേഷണത്തിന്റെ ആവശ്യമില്ല.

സംസ്ഥാനത്തെ പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ

* 34. [37] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, കെ. പുരുഷോത്തമൻ :
,, സി. പി. മൂസ്സാൻകുട്ടി :
,, പി. സി. തോമസ് (കടുത്തുരുത്തി) :
,, പി. വി. കുഞ്ഞിക്കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം എത്ര പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുണ്ട് ;

(ബി) ഇത് കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് കൂടുതലാണോ ;

(സി) ആണെങ്കിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ എണ്ണം വർദ്ധിക്കുവാനുള്ള കാരണമെന്ത് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷാരംഭത്തിൽ 5,205 പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുണ്ടായിരുന്നു.

(ബി) കൃത്യമായ കണക്കു ശേഖരിച്ചു വരുന്നതേയുള്ളു.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-1

നക്ഷത്ര ചിഹ്നമിട്ട ചോദ്യംനമ്പർ 33 (36) കാണുക

ഡിസ്റ്റിലറികൾ തുടങ്ങുന്നതിന് 28-2-1886 വരെ അപേക്ഷിച്ചവരുടെ പേരിയുള്ള വിവരം

1. മെസ്സേഴ്സ് സെവൻ സീസ് ഡിസ്റ്റിലറി, മണ്ണുത്തി.
2. ശ്രീ. തോമസ് പുളിക്കൽ, തൊടുപുഴ.
3. മെസ്സേഴ്സ് കേരള ഡിസ്റ്റിലറീസ് ആൻറ് അലയ്ഡ് പ്രോഡക്ട്സ്, കുഞ്ഞിക്കോട്.
4. ശ്രീ. തോമസ് ജോർജ് കൊട്ടുകാപ്പള്ളി, മംഗലാപുരം.
5. മെസ്സേഴ്സ് കാവേരി കെമിക്കൽസ് (പ്രൈവറ്റ്), ലിമിറ്റഡ് തിരുവല്ല.
6. ,, മലബാർ ഹിൽ പ്രോഡക്ട്സ് പ്രോസസിംഗ് ഇൻഡസ്ട്രീസ്, കണ്ണൂർ.
7. ,, യുക്കോ ഡിസ്റ്റിലറീസ്, പുല്ലാഴി, തൃശ്ശൂർ.
8. ,, മന്നം ഷുഗർ മിൽസ്, പന്തളം,
9. ,, കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് ലിമിറ്റഡ്, ചിറ്റൂർ,
10. ,, മറിയാന ഇൻഡസ്ട്രീസ് കണ്ണാടി,
11. ,, കണ്ണംപാടൻ മൈൻസ്, തെള്ളകം, കോട്ടയം,
12. ഹൈറേഞ്ച് ഡിസ്റ്റിലറീസ്, കൊച്ചി.
13. ശ്രീ. ടി. എച്ച്. രാജൻ, വടകര.
14. ദി ട്രാവൻകൂർ മാറ്റ്സ് ആൻറ് മാറ്റിംഗ്സ് കമ്പനി, ചേർത്തല.
15. മെസ്സേഴ്സ് പയനീർ ടാപ്പിയോക്ക പ്രോഡക്ട്സ്, എറണാകുളം.
16. ,, ലക്ഷ്മി സ്റ്റാർച്ച് ലിമിറ്റഡ്, കുണ്ടറ.
17. ദി. കേരള സ്റ്റേറ്റ് ബിവറേജസ് (എം. ആൻറ് എം) കോർപ്പറേഷൻ, തിരുവനന്തപുരം.
18. ദി ലീഡിംഗ് ലൈറ്റ് ടാപ്പിയോക്കാ പ്രോഡക്ട്സ്, കറുകുറ്റി, അങ്കമാലി.
19. ദി പയനീർ ടാപ്പിയോക്കാ ആൻറ് അലൈഡ് ഇൻഡസ്ട്രീസ്, ചാലക്കുടി.
20. വയനാട് ഡിസ്റ്റിലറീസ് വലിയങ്ങാടി, കോഴിക്കോട്.
21. ഗംഗാ ഡിസ്റ്റിലറീസ്, കെസ്റ്റൺ റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം.
22. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെൻറ് കോർപ്പറേഷൻ, തിരുവനന്തപുരം.
23. മെസ്സേഴ്സ് സുരേഷ് എഞ്ചിനീയേഴ്സ്, കൊച്ചി.

LIBRARY ARCHIVES Kerala Legislative Assembly

24. ശ്രീ. എ. എം. പീറ്റർ, കാനം, കോട്ടയം
25. ശ്രീ. മാത്യു സെബാസ്റ്റ്യൻ, പാറപ്പള്ളി, കോട്ടയം
26. ശ്രീ. സി. എൻ. ജയപാലൻ, ആലപ്പുഴ
27. ശ്രീ. ടി. അജിത്, കുമാരപുരം, തിരുവനന്തപുരം.

അനുബന്ധം II

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ ; 101 (151) കാണുക

അനുബന്ധം

1. ഹോമിയോപതിക്ക് മെഡിക്കൽകോളേജ് ലൈബ്രറി, തൃശൂർ
2. പബ്ലിക് ലൈബ്രറി, ഇടമൺ
3. പീപ്പിൾസ് ലൈബ്രറി, പൈപ്പിൻ വടകര പി.ഒ.
4. സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്, ലൈബ്രറി
5. സെന്റ് മേരീസ് കോളേജ് ലൈബ്രറി, സുൽത്താൻബത്തേരി
6. അമ്പാടി ലൈബ്രറി, ആയിക്കരമൻ, പാറശ്ശാല
7. എൻജിനീയറിംഗ് കോളേജ് ലൈബ്രറി, തൃശ്ശൂർ
8. ഗ്രാമീണ വായനശാല, കാഞ്ഞിരമറ്റം തൊടുപുഴ, ഇടുക്കി
9. നട്ടാശ്ശേരി വനിതാ സമാജം ലൈബ്രറി, എസ്, എച്ച്. മാണ്ട്, കോട്ടയം
10. ലാ കോളേജ് ലൈബ്രറി, തിരുവനന്തപുരം
11. ക്രിസ്ത്യൻ കോളേജ് ലൈബ്രറി, കാട്ടാക്കട
12. മഹാത്മാ ഗ്രാമീണ വായനശാല, ആയംകുടി
13. വൈ. എം. എ. ലൈബ്രറി, ചാക്ക തിരുവനന്തപുരം
14. മെന്യാസ് മെമ്മോറിയൽ ലൈബ്രറി, അഞ്ചുമരംകാല, വെള്ളനാട്
15. ജയശ്രീ ലൈബ്രറി, പോങ്ങുംമൂട്, തിരുവനന്തപുരം
16. എം. ഇ. എസ്. ലൈബ്രറി, മമ്പാട്.
17. ജവഹർ ലൈബ്രറി, അരിനല്ലൂർ, നെവലക്കര
18. ജ്ഞാനോദയം പബ്ലിക് ലൈബ്രറി, കന്നിക്കോട്
19. പ്രോഗ്രസ്സീവ് ലൈബ്രറി, മണലുവിള വക്കം
20. അശോകാ സ്മാരക ഗ്രന്ഥശാല, കോട്ടുകാൽക്കോണം, തിരുവനന്തപുരം
21. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് ലൈബ്രറി, കളമശ്ശേരി
22. സെന്റ് സേവ്യേഴ്സ് കോളേജ് ലൈബ്രറി, കോതവാ, വൈയ്ക്കം കോട്ടയം
23. എം. ഇ. എസ്. കല്ലടി കോളേജ് ലൈബ്രറി, മണ്ണാർക്കാട്, പാലക്കാട്
24. ശ്രീ ശങ്കര സംസ്കൃത വിദ്യാപീഠം ലൈബ്രറി, എഴുകോൺ
25. എസ്. എൻ. പോളിടെക്നിക് ലൈബ്രറി, കോട്ടയം
26. ലക്ഷദ്വീപ് ഗവൺമെന്റ് സ്പോൺസർ ചെയ്ത വിദ്യാർത്ഥികൾ

LIBRARY ARCHIVES Kerala Legislative Assembly